JULY-17 2023

# MAJLIS OBSERVER

BI-WEEKLY NEWSLETTER FROM MEDIA AND COMMUNICATION DEPT. ( FIRST YEAR )

CHIEF PATRON: Dr. Mohammed Kutty K K ( Principal, MASC) CHIEF EDITOR: Mr. Noushad N (HOD, Media and Communication) STAFF EDITOR: Shihabudheen P (Tutor, BAJMC) CHIEF STUDENT EDITOR : Abida. M. V (S2 BAJMC)

## വിദ്യാർത്ഥികളിൽ സംരംഭകത്വ ചിന്ത വളർത്താൻ വൈ ഐപി



പുറമണ്ണൂർ : പുതുതലമുറയ്ക്ക് താങ്ങായി യങ് ഇന്നോവെറ്റർസ് പ്രോഗ്രാം. മജ്‌ലിസ് കോളേജിലെ വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ ബോധം വളർത്തുന്നതിനും പുതിയ ആശയങ്ങളെ രൂപപ്പെടുത്തി എടുക്കുന്നതിനും സഹായകരമാകുന്ന യങ് ഇന്നവേറ്റസ് പ്രോഗ്രാം സംഘടിപ്പിച്ചു. യങ് ഇന്നോവേറെസ് പ്രോഗ്രാം അംഗമായ നബീൽ നാസർ സംരംഭകത്വ വികസന ക്ലാസിന് നേതൃത്വംനൽകി. കോളേജ് പ്രിൻസിപ്പാൾ ശ്രീ. മുഹമ്മദ് കുട്ടി കെ കെ ഉദ്ഘാടനം നിർവഹിച്ചു. കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് അധ്യാപകൻ അഖിൽസ്വാഗത പ്രസംഗ നടത്തി. ഐക്യുഎസ്സി കോഡിനേറ്റർ റഫീഖ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. യങ് ഇന്നോവേറ്റർസ് പരിവാടിയെ കുറിച്ച് ബോധവൽക്കരിക്കുകയായിരുന്നു ലക്ഷ്യം. കുട്ടികളുടെ നൃൂതന ആശയങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ഒരു വേദിയാണ് വൈ.ഐ.പി. ഉൽപ്പന്നം ഉണ്ടാക്കാനുള്ള ആശയം മുന്നോട്ട് വെച്ചാൽ അതിനുള്ള പണവും പരിശീലനവും സർക്കാർ നൽകും . കൂടാതെ വിദ്യാർത്ഥികൾക്ക് വൈ ഐ പി അപ്ലിക്കേഷൻ പരിചയപ്പെടുത്തുകയും ഒരു ദിവസം 3 ആശയങ്ങൾ വരെ ഇതിൽ പങ്കുവെക്കമെന്നും യോഗം പരിചയപ്പെടുത്തി . അതിൽ മികച്ച ആശയങ്ങൾ പ്രകടിപ്പിക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും സർക്കാർ ധനസഹായം നൽക്കുകയും ചെയ്യും.

## ദേശീയ വനിതാ കമ്മീഷൻ സെമിനാർ കോളേജിൽ



പുറമണ്ണൂർ : വുമൺ ഡെവലപ്പ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മജ്‌ലിസ് കോളേജിൽ യു.ജി, പി.ജി വിദ്യാർത്ഥിനികൾക്കായി നാഷണൽ കമ്മീഷൻ ഫോർ വുമൺ, ഗവൺമെന്റ് ഒഫ് ഇന്ത്യയുടെ കീഴിൽ കപ്പാസിറ്റി ബിൽഡിംഗ് ആൻഡ് പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ലോകസഭാ അംഗമായ ഇ.ടി മുഹമ്മദ് ബഷീർ ആയിരുന്നു വിശിഷ്ടാതിഥി.ജൂൺ 24 ന് എ.വി ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ വിദ്യാർത്ഥിനികളും അധ്യാപകരും അടക്കം 250ൽ പരം പേരാണ് പങ്കെടുത്തത്. മൂന്ന് സെഷനുകളായാണ് സെമിനാർ നടന്നത്. ആദ്യ സെഷനിൽ അബ്ദുൾ ഷുകൂർ.ടി കപ്പാസിറ്റി ബിൽഡിംഗ് എന്ന ആശയത്തെ പറ്റിയും രണ്ട്, മൂന്ന് സെഷനുകളിൽ ആരിഫ് റിയാസ്,ജമാലുദ്ധീൻ മല്ലിക്കുന്ന് എന്നിവർ തൊഴിൽ സാധ്യതകൾ, സാങ്കേതിക വൈകഞ്ജാനം, മത്സര പരീക്ഷകളെ പറ്റിയും വിവിധ പദവിയിലേക്കുള്ള തൊഴിൽ സാധ്യതകളെ പറ്റിയും സംസാരിച്ചു. വിദ്യാർത്ഥികളുമായി ചോദ്യോത്തര വേളകൾ സംഘടിപ്പിച്ചമാണ് ഓരോ സേഷനു നടത്തിയത് . ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ മുഹമ്മദ് കുട്ടി കെ കെ, ഐക്യുഎസ്സി കോർഡിനേറ്റർ റാഫിക് നാക് കോർഡിനേറ്റർ റാഫി, അധ്യാപികരായ ശാന്തകുമാരി. ടി, വഹീദ മോൾ വി. പി., ഡോ: വിപിന.ആർ, മഞ്ജുള, സറിന കെ. പി. എന്നിവർ അദ്ധ്യക്ഷത വഹിച്ചു.കാലിക്കറ്റ് സർവകലാശാല സേനറ്റ് മൂന്നാം തവണയും തിരഞ്ഞെടുക്കപ്പെട്ട മജ്‌ലിസ് സ്ഥാപനത്തിന്റെ സെക്രെട്ടറി സി. പി. ഹംസ ഹാജിയെ ചടങ്ങിൽ ആദ്ധരിച്ചു.

### ഇ.ടി യുടെ വാക്കുകൾ

പുറമണ്ണൂർ: പെൺകുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനത്തെപ്പറ്റിയും അവർക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ പറ്റിയും അദ്ദേഹം സംസാരിച്ചു. സ്വന്തം കാലിൽ നിൽക്കുക, ആരെയും ആശ്രയിക്കാതെ ജീവിക്കാൻ കഴിയുക എന്ന ബോധം വിദ്യാർത്ഥിനികൾക്ക് പകർന്നു നൽകി . നമ്മുടെ കോളേജിൽ ഇങ്ങനെ ഒരു സെമിനാർ സംഘടിപ്പിച്ചതുപോലെ ഓരോ കോളേജിലും വിദ്യാർത്ഥിനികൾക്കായി ഇങ്ങനെ പരിടികൾ സംഘടിപ്പിക്കാൻ കഴിയട്ടെ എന്നും അദ്ദേഹം പറഞ്ഞു.

## വിദ്യാർത്ഥികൾക്കായി ലിങ്ക്ഡ് ഇൻ & റെസ്യൂമേ / സി വി വർക്ക്ഷോപ്പ്



പുറമണ്ണൂർ : കോളേജിൽ സ്റ്റാക്ക്ഹബ്ബിന്റെ നേതൃത്വത്തിൽ ലിങ്ക്ഡ് ഇൻ ആൻഡ് റെസുമെ/സി. വി പ്രെപറേഷനിൽ വിദ്യാർത്ഥികൾക്ക് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ലിങ്കിടിന്റെ ഉപയോഗത്തെക്കുറിച്ചും റെസ്യൂമി എങ്ങനെ തയ്യാറാക്കാമന്ന വിഷയത്തിൽ ആയിരിന്നു വർക്ക്ഷോപ്പ് ജൂലൈ 13 ന് എ. വി. ഹാളിൽ വെച്ച് സംഘടിപ്പിച്ചത്. കോളേജിലെ തന്നെ വിദ്യാർത്ഥികളായിരുന്നു വർക്ക്ഷോപ്പ് നയിച്ചത് . രണ്ടാം വർഷ ബി. എ. വിഷ്വൽ കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥി അഭിഷേക് വേണുഗോപാലൻ ആദ്യ ഘട്ടത്തിൽ ലിങ്കിടിന്റെ വിവിധ ഉപയോഗങ്ങളെ കുറിച്ച് വിശദീകരിച്ചു നൽകി. എന്താണ് ലിങ്ക്ഡ്ഇൻ എന്നും എങ്ങനെ ലിങ്ക്ഡ് ഇൻ പ്രൊഫൈൽ നിർമ്മിക്കുന്നതിന്റെ ഘട്ടങ്ങളും എങ്ങനെ അതിൽ ജോലിക്കു ശ്രമിക്കാമന്നുമായിരുന്നു ക്ലാസ്സിൽ വിശദീകരിച്ചിരുന്നത്.രണ്ടാം ഘട്ടത്തിന് നേതൃത്വംനൽകിയത് മൂന്നാം വർഷ ബി. സി. എ. വിദ്യാർത്ഥി മുഹമ്മദ് റാശിൽ ആയിരുന്നു. ഈ ഘട്ടത്തിൽ റെസുമെ/സി. വി എങ്ങനെ ഉണ്ടാക്കാം, ഇത് തമ്മിൽ ഉള്ള വ്യത്യാസം എന്നിവ ആയിരുന്നു ചർച്ച ചെയ്തത്. വർക്ക്ഷോപ്പിന്റെ അവസാനത്തിൽ കഹൂട്ട്.ഇറ്റ് എന്ന വെബസൈറ്റ് ഉപയോഗിച്ച് ക്വിസ് മത്സരങ്ങൾ നടത്തി. രണ്ടു ഘട്ടത്തിലും എടുത്ത ക്ലാസ്സിനെ ആസ്പദമാക്കിയായിരുന്നു ക്വിസ്.അതിലെ വിജയ്കൾക് ആകർഷകമായ സമ്മാനം നൽകി.

## ഓർമയിൽ ഒരു ബഷീർ ദിനം കൂടെ



പുറമണ്ണൂർ : ബഷീർ ദിനത്തോട് അനുബന്ധിച്ച് മജ്‌ലിസ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.ഭാഷ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആണ് പരിപാടികൾ നടന്നത്. ബേപ്പൂർ സുൽത്താൻ എന്ന അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിനെസ്മരിക്കുന്നതിനുവേണ്ടിയാണ് കലാ പരിപാടികൾ സംഘടിപ്പിച്ചത്. മലയാള സാഹിത്യ ലോകത്തിന് ധാരാളം സംഭാവന ചെയ്ത അദ്ദേഹത്തിന്റെ ചരമദിനത്തോട് അനുബന്ധിച്ചായിരുന്നു പരിപാടികൾ നടപ്പാക്കിയത്. ഓർമ്മയിൽ ബഷീർ എന്ന തലക്കെട്ടിലാണ് പരിവാടി സംഘടിപ്പിച്ചത് . മജ്‌ലിസ് ടി. ടി. ഐ പ്രിൻസിപ്പൽ മുഹമ്മദ് ഇഖ്ബാൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഭാഷാ വിഭാഗം അധ്യാപകരായ സാബിറ , ബിന്ദു , കൈറുനിസ, ഐ. ക്യു. എ. സി കോർഡിനേറ്റർ റഫീഖ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു. പ്രിയപ്പെട്ട ബഷീർ കഥാപാത്രത്തിന് കത്തെഴുതാം എന്ന പ്രമേയത്തിൽ കോളേജ് ലൈബ്രറിയിൽ വെച്ച് കത്തെഴുത് മത്സരവും ബഷീറിന്റെ ജീവിത ചരിത്രത്തെ ആസ്പദമാക്കി ഒരു ക്വിസ് മത്സരവും നടന്നു.



# കാടറിവ് പ്രകൃതി പഠന ക്യാമ്പ്



പുറമണ്ണൂർ : കോളേജിലെ മൂന്നാം വർഷ എൻ എസ് എസ് വിദ്യാർത്ഥികൾക്കായി പ്രകൃതിപഠന ക്യാമ്പ് സംഘടിപ്പിച്ചു. വയനാട് തോൽപ്പെട്ടി വന്യജീവി സാങ്കേതത്തിലെ ബേഗൂർ റെഞ്ചിൽ വെച്ചാണ് മൂന്ന് ദിവസം നീണ്ടു നിന്ന ക്യാമ്പ് നടന്നത്. കാടിനെ അടുത്തറിയാനും, വന സംബന്ധമായ നിയമങ്ങൾ മനസ്സിലാക്കാനും വേണ്ടി നടന്ന ക്യാമ്പിൽ 37 വളണ്ടിയർമാരും പ്രോഗ്രാം ഓഫീസർമാർ ഉൾപ്പടെ 3 അധ്യാപകരും പങ്കാളികളായി. ബേഗൂർ റേഞ്ച് ഓഫീസർ സുനിൽ കുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന് നേതൃത്വം നൽകിയ ബീറ്റ്ഫോറെസ്റ്റ് ഓഫീസർ വിഷ്ണുവിന്റെ നേതൃത്വത്തിൽ രണ്ടാം ദിവസത്തിൽ കാടിനുള്ളിലേക്ക്നടത്തിയ 16 കിലോമീറ്റർ ട്രക്കിങ് വിദ്യാർത്ഥികൾക്ക് പുത്തൻ അറിവുകൾ പകർന്നു . പരിസ്ഥിതി ശാസ്ത്രജ്ഞനായ ഡോ. ശരീഫിന്റെ നേതൃത്വത്തിൽ വളണ്ടിയർമാർക്ക് ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. ഇതിനോടാനുബന്ധിച്ച് കാടിന്റെ തനിമ നിലനിർത്തുന്നതിനു വേണ്ടി വിദേശ സസ്യങ്ങളെ പറിച്ചുകളയുന്ന സന്നദ്ധ പ്രവർത്തനവും, മാലിന്യസംസ്കരണവും നടന്നു.വിവിധ കലാപരിപാടികളോടെ സാംസ്കാരികസദസ്സും സംഘടിപ്പിച്ചു. കാടിനെ തൊട്ടറിഞ്ഞ മൂന്ന് ദിനാരാത്രങ്ങൾ വിദ്യാർത്ഥികൾക്ക് ഒരു നവ്യനുഭവമായിരുന്നു.





**മജ്‌ലിസ് കോളേജിലെ മീഡിയ & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടമെന്റ് സംഘടിപ്പിക്കുന്ന മീഡിയ ഫെസ്റ്റിന് പേരുകൾ ക്ഷണിക്കുന്നു. തിരഞ്ഞെടുക്കുന്ന പേര് നൽകുന്ന വ്യക്തിക്ക് ആകർഷകമായ സമ്മാനം ഉണ്ടായിരിക്കുന്നതാണ്. പേരുകൾ നിർദ്ദേശിക്കുന്നതിനായി താഴെക്കൊടുത്ത നമ്പറിലേക്ക് അയക്കുക..**

**+918891408997 , +919656602319**

# പുത്തൻ അനുഭവമായി ഗെയിമിംങ് ഡേ

പുറമണ്ണൂർ : ദേശിയ ഗെയിമിംഗ് ദിനത്തിന്റെ ഭാഗമായി കോളേജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി വീഡിയോ ഗെയ്മിങ് അനുഭവം ഒരുക്കി രണ്ടാം വർഷ ബി എ ഗ്രാഫിക്സ് അനിമേഷൻ വിദ്യാർഥികൾ. വിലപിടിച്ച നിരവധി ഗെയ്മിങ് കമ്പ്യൂട്ടറുകൾ എ വി ഹാളിൽ സജ്ജമാക്കിയാണ് വീഡിയോ ഗെയ്മിങ് ലോകത്തേക്ക് കോളേജിനെ ഒട്ടാകെ സ്വാഗതം ചെയ്തത്. നിരവധി വിദ്യാർഥികൾ വീഡിയോ ഗെയ്മിങ് നേരിട്ട് അനുഭവിച്ചറിയാൻ എത്തിയിരുന്നു. കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി ആണ് ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചത്. ഗെയ്മിങ് ഡേ യുടെ ഭാഗമായി ബിജിഎംഐ ടൂർണമെന്റും, ക്വിസ് ഉം നടന്നു. വിജയികൾക്ക് മീഡിയ ഡിപ്പാർട്മെന്റ് എച്ച്. ഒ.ഡി സമ്മാനദാനം നിർവഹിച്ചു. പിന്നീട് പരിപാടികൾ ഗംഭീരമാക്കി നടത്തി വിജയിപ്പിച്ചതിനു ഗ്രാഫിക്സ് വിദ്യാർത്ഥികളെ അഭിനന്ദിച്ചു സംസാരിച്ചു.



# ഫോട്ടോഗ്രാഫി ക്യാമ്പ്



പുറമണ്ണൂർ : മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്മെന്റിനു കീഴിൽ രണ്ടാം സെമസ്റ്റർ ബി. എ. മൾട്ടി മീഡിയ വിദ്യാർഥികൾക്കായി ഫോട്ടോഗ്രഫി ക്യാമ്പ് സംഘടിപ്പിച്ചു. വയനാട് മേപ്പാടി 900 കണ്ടിയിൽ വെച്ച് സംഘടിപ്പിച്ച ക്യാമ്പിന് പ്രശസ്ത ഫോട്ടോഗ്രാഫറും ഐ ഷൂട്ട് ഫോട്ടോഗ്രാഫി സിഇഒ യുമായ നജ്മു നേതൃത്വം നൽകി. വിദ്യാർഥികൾക് ഫോട്ടോഗ്രഫിയുടെ അടിസ്ഥാനം, ലൈറ്റിംഗ് എന്നിവയുടെ പ്രായോഗിക പാഠങ്ങൾ ആഴത്തിൽ പഠിക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ജൂൺ 25, 26 തിയ്യതികളിലായായി ആണ് 53 വിദ്യാർഥികൾക്കായി സെനൊ വില്ലേജ് എന്ന റിസോർട്ടിൽ വെച്ച് ക്യാമ്പ് സംഘടിപ്പിച്ചത്. രാവിലെ 11 മണിയോടെ ആരംഭിച്ച ക്യാമ്പിന്റെ ആദ്യ ദിനം ഇൻഡോർ ഫോട്ടോഗ്രാഫിയിലും രണ്ടാം ദിനം ഔട്ട് ഡോർ ആയിരുന്നു പ്രായോഗിക പഠനം. മീഡിയ ഡിപ്പാർട്ട്മെന്റിലെ അധ്യാപകരായ ക്ലാസ്സ് ട്യൂട്ടർ ആയിഷ, പ്രോഗ്രാം കോർഡിനേറ്റർമാരായ അഭിലാഷ് . കെ, ശ്രീജിത്ത് കെ എന്നിവർ നേതൃത്വം നൽകി

# ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് രക്ഷിതാക്കളുടെ യോഗം സംഘടിപ്പിച്ചു.

പുറമണ്ണൂർ : മജ്ലിസ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് രക്ഷിതാക്കളുടെ യോഗം സംഘടിപ്പിച്ചു. രണ്ട്, മൂന്ന് വർഷ ബിരുദ വിദ്യാർത്ഥികളുടെ യോഗത്തിൽ എൺപതോളം രക്ഷിതാക്കളാണ് പങ്കെടുത്തത്. ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് എച്ച്.ഒ.ഡി പ്രീതി യോഗം ഉദ്ഘാടനം ചെയ്തു.തുടർന്ന് കോളേജ് ഡയറക്ടർ നൗഷാദ്, എല്ലാ ക്ലാസ്സിലെ അധ്യാപകരും രക്ഷിതാക്കളുമായി സംവദിച്ചു. കുട്ടികളുടെ ഹാജർ നില സോഫ്റ്റ്വെയർ സിസ്റ്റത്തിലേക്ക് മാറ്റിയതിനെക്കുറിച്ചും,യൂണിഫോം അടക്കം കോളേജിൽ പാലിക്കേണ്ട മര്യാദക്കളെ കുറിച്ചും യോഗത്തിൽ സംസാരിച്ചു. കൂടാതെ വിദ്യാർത്ഥികളുടെ പരീക്ഷകളുടെ പ്രാധാന്യത്തേക്കുറിച്ചും രക്ഷിതാക്കൾക്ക് അവബോധം നൽകി.

# ലഹരിക്കെതിരെ അണിനിരന്ന് മജ്‌ലിസ് കോളേജും!

പുറമണ്ണൂർ : അന്താരാഷ്ട്ര ലഹരി കള്ളകടത്തു വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് സമീപകാലത്ത് വർധിച്ചു വരുന്ന ലഹരിഉപഭോഗത്തിന് എതിരെ മജ്ലിസ് കോളേജ് എൻഎസ്എസ് യൂണിറ്റ് അവബോധ പരിപാടി സംഘടിപ്പിച്ചു.കേരളത്തിൽ നിരനിരയായി മയക്കുമരുന്ന് വേട്ടകൾ നടന്നു കൊണ്ടിരിക്കുന്ന ഈ കാലത്ത്, ലഹരി മരുന്നിന്റെ വിപത്തിനെ പറ്റി നാളത്തെ മുതൽകൂട്ട് ആവേണ്ട വിദ്യാർത്ഥികളെ ബോധവന്മാർ നടത്തിയ യുവതലമുറയെ താളതെറ്റിക്കുന്ന ഈ സാമൂഹ്യ വിപത്തിന് എതിരെ ഉള്ള പരിപാടിക് വളാഞ്ചേരി എസ് ഐ ജലീൽ കറുത്തേടത്ത് നേതൃത്വം വഹിച്ചു.വിദ്യാർത്ഥികളുമായി സംസാരിച്ച അദ്ദേഹം, ലഹരി ഉപയോഗിക്കുന്നവരുടെ പേര് സ്വന്തം വെളിപ്പെടുത്താതെ തന്നെ അധികൃതരെ അറിയിക്കാൻ വേണ്ടി ഒരു പെട്ടി കോളേജിൽ സ്ഥാപിക്കണം എന്നും നിർദ്ദേശിച്ചു.

# മജ്‌ലിസിലെ പെരുന്നാൾ

പുറമണ്ണൂർ : മജ്‌ലിസ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ പെരുന്നാൾ ആഘോഷം. ഇതിന്റെ ഭാഗമായി പെരുന്നാൾ പാട്ട്, പെരുന്നാൾ ഫോട്ടോ കോൺടെസ്റ്റ്, മെഹന്ദി ഫെസ്റ്റ്, കാലിഗ്രഫി കോൺടെസ്റ്റ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.










# സാമൂഹ്യ നീതി ദിനം

പുറമണ്ണൂർ : സാമൂഹിക നീതി ദിനത്തോടനുബന്ധിച്ചു എൻ.എസ്.എസ് വിദ്യാർത്ഥികൾക്ക് ക്ലാസ്സ് സംഘടിപ്പിച്ചു. അഡ്വ. മുഹമ്മദ് റൗഫ് വീശിഷ്ഥതിയായെത്തി. ഓപ്പൺ ക്ലാസ്സ്റൂമിൽ നടന്ന പരിപാടിയിൽ എൻ.എസ്.എസ്.വിദ്യാർത്ഥികളും കോർഡിനേറ്റർമാരായ സുനീഷ് പാറയിൽ, ബദ്രിയ എന്നിവരും പങ്കെടുത്തു. സാമൂഹിക നീതിക്കും അതിന്റെ സംവിധാനത്തിനും അംഗീകാരം നൽകാനും അതിനെ ശക്തിപ്പെടുത്താനും വേണ്ടിയുള്ള സാമൂഹിക നീതി ദിനത്തിൽ നിലവിലുള്ള നിയമങ്ങളുടെയും നീതിവ്യവസ്ഥയുടെയും പ്രാധാന്യത്തെ പറ്റിയും വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കുകയും അവരുടെ സംശയങ്ങൾ തീർത്തു കൊടുക്കുകയും ചെയ്തു.

**Sub editor : Krishnapriya Subhash, Fathima Nadha.K (S2 BAJMC) Abhishek Venugopal, Rufaida ( S2 BAVC) Nada (S2 BAMM)Design and Layout : Jishnu. P (S2 BAMM)**